നം.കെ.എസ്.എ.പി.റ്റി.എ.പി6.730/2019 തീയതി:16.09.2019

# പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**സീതത്തോട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.01.19 മുതൽ 30.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| **ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥയുടെ പേരും ഉദ്യോഗപ്പേരും** | വിജയലക്ഷ്മി പി.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 26.07.19 മുതൽ 07.08.19 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം** | ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.മഹേഷ്കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (26.07.19 മുതൽ 30.07.19 വരെ)<br>ശ്രീമതി.ദീപ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ (01.08.19 മുതൽ 07.08.19 വരെ)<br>ശ്രീ. അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി രേഖ സുരേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | അശോക് കുമാർ.ജി | 01.04.2018 മുതൽ 31.03.2019 വരെ |

## മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക | കാലയളവ് |
|---|---|---|---|
| 1 | ശ്രീ.അശോക് കുമാർ.ജി | സെക്രട്ടറി | 01.04.18 മുതൽ 31.03.19 വരെ |
| 2 | ശ്രീ.വിജയസേനൻ വി.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | -ടി- |
| 3 | ശ്രീ.ജയപ്രകാശ്.എം.ജെ | അസിസ്റ്റന്റ് എൻജിനീയർ | 01.04.18 മുതൽ 16.06.2018 വരെ |
| 4 | ശ്രീ പി.എസ്.രാഘവൻ | ” | 18.06.18 മുതൽ 03.07.18 വരെ |
| 5 | ശ്രീ. അനീഷ് കുമാർ.ജെ | ” | 04.07.18 മുതൽ 08.10.18 FN വരെ |
| 6 | ശ്രീമതി അനിതകുമാരി | ” | 09.10.2018 (അഡീഷണൽ ചാർജ്) |
| 7 | ശ്രീ.രാഘവൻ പി.എസ്. | ” | 10.10.18 മുതൽ 31.03.19 വരെ |
| 8 | ശ്രീ. ശ്രീകുമാർ.എസ് | കൃഷിഓഫീസർ | 01.04.18 മുതൽ 18.07.18 FN വരെ |
| 9 | ശ്രീ അജീബ്.എസ് | കൃഷിഓഫീസർ | 18.07.18 FN മുതൽ 07.11.18 വരെ |
| 10 | ശ്രീ. ശ്രീകുമാർ.എസ്. | കൃഷിഓഫീസർ | 07.11.18 മുതൽ 11.03.19 FN വരെ |
| 11 | ശ്രീ ബഞ്ചമിൻ ഡാനിയൽ | കൃഷിഓഫീസർ | 11.03.19 FN മുതൽ 31.03.19 വരെ |
| 12 | ഡോ.അരുൺ | വെറ്റിനറി സർജൻ | 01-04-2018 മുതൽ 31.03.19 വരെ |
| 13 | ഡോ.വിൻസെന്റ് സേവ്യർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01.04.18 മുതൽ 31.03.19 വരെ |
| 14 | ശ്രീമതി ലിമ കെ.സെൻ, | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01.04.18 മുതൽ 31.03.19 വരെ |
| 15 | ഡോ.ഷിജി റ്റി.എ. | മെഡിക്കൽ ഓഫീസർ | 01.04.18മുതൽ 31.03.19 |

| | | | |
|---|---|---|---|
| | | (ഹോമിയോ) | വരെ |
| 16 | ശ്രീമതി വിജയകുമാരി.എസ്, | ICDS സൂപ്പർവൈസർ | 01.04.18 മുതൽ 31.03.19 വരെ |
| 17 | ശ്രീ ഹുസൈൻ ചാവടി എ. | ഹെഡ്മാസ്റ്റർ | 01.04.18 മുതൽ 31.03.19 വരെ |
| 18 | ശ്രീ.വിൻസെന്റ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01.14.18 മുതൽ 31.03.19 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-2018-19

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം-1: പൊതു അവലോകനം** | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രികയുടെ പരിശോധന | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാതെ അവശേഷിക്കുന്നവ | 1-12 |
| | **ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13. | ഓൺലൈൻ വസ്തുനികുതി ഈടാക്കുന്നതിലെ പിഴവ്-പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-1 |
| 14. | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചു-വസ്തുനികുതിയിൽ കുറവ് | 2-2 |
| 15. | വാടകക്കുടിശ്ശിക പിരിച്ചെടുക്കുന്നില്ല | 2-3 |
| 16. | പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-4 |
| 17. | കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല | 2-5 |
| | **ഭാഗം-3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 18. | പ്രളയം മൂലം തകർന്ന മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ പ്രവൃത്തി പൂർത്തിയായില്ല | 3-1 |
| 19. | സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് മീറ്ററിംഗ് സംവിധാനത്തിൽ കുറഞ്ഞത് | 3-2 |
| 20. | പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-3 |
| 21. | സമാന പദ്ധതികൾക്ക് വ്യത്യസ്ത ടെണ്ടറുകൾ പ്രകാരം പർച്ചേസ് നടത്തി | 3-4 |
| 22. | ഡിപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരണ രേഖകൾ ലഭിച്ചില്ല | 3-5 |
| 23. | വാലുപാറ അംഗനവാടി നിർമ്മാണത്തിന് ലഭിച്ച തുക ചെലവഴിച്ചില്ല | 3-6 |
| | **ഭാഗം 4: ഓഡിറ്റ് പ്രത്യവലോകനം** | |
| 24. | | |

| | | |
|---|---|---|
| | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 25. | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 26. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 27. | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29. | ഓഡിറ്റ് റിക്കവറി | 4-6 |
| 30. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2018-19വർഷത്തെ ബഡ്ജറ്റ് 09/03/2018-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 13911218 | 3389427 | | 10521791 |
| വരവ് | 274857000 | 115371200 | | 159485800 |
| ആകെ | 288768218 | 118760627.00 | | 170007591 |
| ചെലവ് | 278033000 | 111308630 | | 166724370 |
| നീക്കിയിരിപ്പ് | 10735218 | 7451997.00 | | 3283221 |

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.19 | 26.06.19 |

## 1-3 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 08-07-2019-ലെ കെ.എസ്.എ.പി.റ്റി.എ. പി1-602(32)/19 നമ്പർ വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 3389427 |
| വരവ് | 115371200 |
| ആകെ | 118760627 |
| ചെലവ് | 111308630 |
| നീക്കിയിരിപ്പ് | 7451997 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | 2018-19 വർഷത്തെ ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 49739000 | 46521828 | 3217172 | 93.53 |
| വികസന ഫണ്ട് - എസ്.സി.പി | 3591000 | 3402376 | 188624 | 94.75 |
| വികസന ഫണ്ട് - റ്റി.എസ്.പി | 282000 | 281800 | 200 | 99.93 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22268000 | 14125433 | 8142567 | 63.43 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 10474000 | 5718032 | 4755968 | 54.59 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 6249000 | 4191922 | 2057078 | 67.08 |

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് | 834511 | 9362402 | 10196913 | 6716662 | 3480251 |
| തനത് ഫണ്ട് | 3071025 | 9006621 | 12077646 | 10853519 | 1224127 |
| ജോയിന്റ് വെൻച്വർ അക്കൗണ്ട് | 779549 | 10950625 | 11730174 | 10214280 | 1515894 |
| ഇ പെയ്മെന്റ് | 189916 | 329402 | 519318 | 239244 | 280074 |
| ബി ഫണ്ട് | – | 32282240 | 32282240 | 32282240 | -- |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 162378277 | 154 | 0 | 89557492 | 111 | 58.11 |

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 21 | 26702150 | 17 | 9065246 | 33 |

| | | | | | |
|---|---|---|---|---|---|
| സേവനം | 89 | 87191645 | 61 | 57242768 | 65.65 |
| പശ്ചാത്തലം | 155 | 48484482 | 76 | 23249478 | 47.95 |
| ആകെ | 265 | 162378277 | 154 | 89557492 | |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 48 | 36 | 20951696 | 16584872 | 79 |
| ഹെഡ്മിസ്ട്രസ് | 2 | 0 | 100000 | 0 | |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 14 | 5902000 | 4945005 | 84 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 166 | 75 | 64603431 | 21321913 | 33 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 47772000 | 33824098 | 71 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 6 | 6 | 2205000 | 2200604 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 250000 | 250000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 2 | 2600000 | 1676500 | 64 |
| കൃഷി ഓഫീസർ | 8 | 6 | 9004150 | 5141250 | 57 |
| വെറ്ററിനറി സർജൻ | 5 | 4 | 7790000 | 2413250 | 31 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100 |
| ആകെ | **265** | **154** | **162378277** | **89557492** | |

# 1-7 തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നിക്കിയിരിപ്പ്* |
|---|---|---|---|---|---|
| ചെലവുകൾ | 27065.9 | 30413762 | 30440827.9 | 30431190 | 9637.9 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 958 | 4013200 |
| വിധവാ പെൻഷൻ | 1851 | 7910300 |
| വാർദ്ധക്യകാല പെൻഷൻ | 3955 | 17613000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 555 | 2326700 |
| | | |

| | | |
|---|---|---|
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 27 | 118800 |
| തൊഴിൽ രഹിത വേതനം | 83 | 150240 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.08.2019ന് പകൽ 2 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 7859 രൂപയുടെ (ഏഴായിരത്തി എണ്ണൂറ്റി അൻപത്തൊമ്പത് രൂപ മാത്രം) കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടുണ്ട്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.05.2019 മുതൽ 09.05.2019 വരെ | 02/19 മുതൽ 0/19 വരെ | 09.05.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2016മുതൽ 18.08.2016വരെ | 2011-12 മുതൽ 2015-16 വരെ | 16.09.2016 |

## 1-12 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാതെ അവശേഷിക്കുന്നവ

2018-19 ലെ വസ്തുനികുതി ഡിമാന്റ് വാർഷിക ധനകാര്യപത്രിയിൽ കൃത്യമാക്കിയിട്ടില്ല.

## <u>ഭാഗം -2</u>

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 ഓൺലൈൻ വസ്തുനികുതി അടവാക്കുന്നതിലെ പിഴവ്- പഞ്ചായത്ത് ഫണ്ടിന് നഷ്ടം

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം. 36959942741) തുടങ്ങിയിട്ടുണ്ട്. ഇതിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ തുകകൾ അടവാക്കിയ വ്യക്തികളുടെ പേരിനു പകരം IKM e-Payment എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഓൺലൈനിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ വസ്തുനികുതിയുള്ള സഞ്ചയാ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന പ്രസ്തുത വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നത് ഐ.കെ.എം. ൽ നിന്നും ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണ്.

ഇത് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. പല ദിവസങ്ങളിലും ഭീമമായ അന്തരമുണ്ടാകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്തിന്റെയും ഡി.ഡി.പി.യുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. മൂന്ന് ദിവസത്തെ ട്രാൻസാക്ഷൻ വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

<u>ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള വിവരം</u>

| അക്കൗണ്ടിൽ വരവ് വന്ന തീയതി | ഇനം | തുക |
|---|---|---|
| 05.02.2019 | IKM e-Payment | 630 |
| 30.03.2019 | ” | 237 |
| 09.04.2019 | ” | 7125 |

മുകളിൽ കാണിച്ചിരിക്കുന്ന ടേബിളിലെ ട്രാൻസാക്ഷൻ നടന്ന വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| രസീത് തീയതി | തുക ഒടുക്കിയ ആൾ | തുക | റിമാർക്സ് |
|---|---|---|---|
| 22.01.2019 | മനോജ് എബ്രഹാം | 105 | തുക പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയത് 05.02.2019-ൽ മാത്രമാണ് |
| ” | എബ്രഹാം ഉതുപ്പൻ | 309 | |
| “ | ” | 84 | |
| ” | ” | 132 | |
| **ആകെ** | | 630 | |
| 11.03.2019 | സുവർണ്ണ സോമൻ | 237 | തുക പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയത് 30.03.2019-ൽ മാത്രമാണ് |
| 28.03.2019 | സെക്രട്ടറി | 6873 | തുക പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയത് 09.04.2019-ൽ മാത്രമാണ് |
| ” | ” | 252 | |
| **ആകെ** | | 7125 | |

# 2-2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിൻ വസ്തുനികുതിയിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, ശ്രീ. മുഹമ്മദ് സലിം, ചന്ദനപ്പറമ്പിൽ, മൂന്നുകല്ല് എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നികുതിയിൽ കുറവുണ്ടായിട്ടുണ്ടെന്നു കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത്

100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 55 രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല.

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി (അർഹതപ്പെട്ട ഇളവുകൾ ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി (അർഹതപ്പെട്ട ഇളവുകൾ ഉൾപ്പെടെ) | കുറവ് |
|---|---|---|---|---|
| ശ്രീ.മുഹമ്മദ് സലിം ചന്ദനപ്പറമ്പിൽ മൂന്നുകല്ല് | 12/359A 30.96 സ്ക്വ.മീ | 30.96 x 40 = 1238.4<br>(+) 20% Road = 247.68<br>Total = 1487<br>**BT = 1487** | 30.96 x 55 = 1702.8<br>(+)20%Road = 340.56<br>Total = 2044<br>**BT = 2044** | **557** |
| | 12/359B 29.24സ്ക്വ.മീ | 29.24 x 40 = 1169.6<br>(+) 20% Road = 233.92<br>Total = 1404<br>**BT = 1404** | 29.24 x 55 = 1608.2<br>(+)20%Road = 321.64<br>Total = 1930<br>**BT = 1930** | **526** |
| | 12/359C 29.24സ്ക്വ.മീ | 29.24 x 40 = 1169.6<br>(+) 20% Road = 233.92<br>Total = 1404<br>**BT = 1404** | 29.24 x 55 = 1608.2<br>(+)20%Road = 321.64<br>Total = 1930<br>**BT = 1930** | **526** |
| | 12/359D 57.62സ്ക്വ.മീ | 57.62 x 40 = 2304.8<br>(+) 20% Road = 460.96<br>Total = 2766<br>**BT = 2766** | 57.62 x 55 = 3169.1<br>(+)20%Road = 633.82<br>Total = 3803<br>**BT = 3803** | **1037** |
| | 12/359E 35.12 സ്ക്വ.മീ | 35.12 x 40 = 1404.8<br>(-) 10% Roof = 140.48<br>Total = 1265<br>**BT = 1265** | 35.12 x 55 = 1931.6<br>(-)10% Roof = 193.1<br>(+)20%Road = 386.3<br>Total = 2125<br>**BT = 2125** | **860** |
| **ആകെ** | **182.18 $m^2$** | **8326** | **11832** | **3506** |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 05/07.08.19) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 വാടക കുടിശ്ശിക പിരിച്ചെടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് ഓപ്പൺ സ്റ്റാൾ എന്നിവയുടെ വാടകയിനത്തിൽ മുൻവർഷം പിരിച്ചെടുക്കുവാൻ അവശേഷിച്ചിരുന്ന 52392 രൂപയിൽ 1084 രൂപ മാത്രമാണ് തൻവർഷം

പിരിച്ചെടുത്തത്. കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ടവരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ട്. തൻവർഷത്തെ വാടകയിനത്തിലും 26760 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. വാടകയിനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല, വാടക കുടിശ്ശിക വരുത്തുന്ന വാടകക്കാരുടെ കരാർ അടുത്ത വർഷത്തേക്ക് പുതുക്കിക്കൊടുക്കാതിരിക്കേണ്ടതും ടി കടമുറികൾ ലേലത്തിന് വയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

31.10.2017 തീയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ അപേക്ഷകളിലൊന്നും വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. ആയതിനാൽ പല പ്രമുഖ സ്ഥാപനങ്ങളുടേയും ലൈസൻസ് ഫീസ് മുൻവർഷത്തെ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ഇതുകാരണം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര്, സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീസ് | റിമാർക്സ് |
|---|---|---|---|
| 1 | താജി വിശാഖ് താജി വില്ല, റാന്നി പെരുനാട്, 1/701 ഡെന്റൽ ക്ലിനിക്ക് | 200 | മൂലധന നിക്ഷേപം എത്രയെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം അനുസരിച്ച് മൂലധന നിക്ഷേപം 4.8 ലക്ഷം രൂപയാണ്. ഇതനുസരിച്ച് 500 രൂപ ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. |
| 2 | സാലി തോമസ്, തേക്കുങ്കൽ ഹൗസ്, ചിറ്റാർ പാരാ മെഡിക്കൽ ലബോറട്ടറി | 200 | മൂലധന നിക്ഷേപം എത്രയെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം അനുസരിച്ച് മൂലധന നിക്ഷേപം 23 ലക്ഷം രൂപയാണ്. പരമാവധി 1000 രൂപവരെ ലൈസൻസ് ഫീസായി ഈടാക്കാം. |

സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. പുതുക്കിയ ലൈസൻസ് ചട്ടങ്ങളിൽ

നിർദ്ദേശിച്ചിട്ടുള്ള പരമാവധി തുക ലൈസൻസ് ഫീസായി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം 235 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. എന്നാൽ തൻവർഷം 197 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് നിയമാനുസരണം പ്രവർത്തിച്ചത്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെ നിർമ്മിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വാർഡുകളുടെ ചുമതലയുള്ള ക്ലർക്കുമാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയോ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഇതുകാരണം മുൻവർഷങ്ങളിൽ ലൈസൻസ് എടുത്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും ഏതൊക്കെ സ്ഥാപനം ലൈസൻസിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും കണ്ടെത്തുവാൻ ബുദ്ധിമുട്ട് നേരിടുന്നു. ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം മുൻവർഷത്തേക്കാൾ കുറവായതിനാൽ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിൽ തൻവർഷം 23450 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായി തുടർനടപടി ഉണ്ടാകേണ്ടതാണ്.

## 2-5 കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 136, 137(4) എന്നിവ പ്രകാരം, കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ, പെർമിറ്റ് പുതിയതായി അനുവദിക്കേണ്ടവയുടെ കാര്യത്തിലാണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. എന്നാൽ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുമ്പോൾ ഗ്രാമപഞ്ചായത്തിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|
| 1 | മിനു സോമൻ<br>കാരയ്ക്കൽ, കൊച്ചാണ്ടി<br>(73.77 $m^2$ നിർമ്മാണം ക്രമവൽക്കരിച്ചു) | രാജിയാക്കൽ ഫീസ്<br>73.77 x 6 = 443 | പെർമിറ്റ് ഫീസ്<br>73.77 x 3 = 222<br>രാജിയാക്കൽ ഫീസ്<br>73.77 x 6 = 442 | 221 |
| | | ആകെ = 443 | ആകെ = 664 | |
| 2 | ബിജു എബ്രഹാം & ലീനാ ജോസഫ്<br>കുളത്തുങ്കൽ, സീതത്തോട്<br>(46.62 $m^2$ നിർമ്മാണം ക്രമവൽക്കരിച്ചു) | രാജിയാക്കൽ ഫീസ്<br>46.62 x 6 = 280 | പെർമിറ്റ് ഫീസ്<br>46.62 x 3 = 140<br>രാജിയാക്കൽ ഫീസ്<br>46.62 x 6 = 280 | 140 |
| | | ആകെ = 280 | ആകെ = 420 | |
| 3 | കൃഷ്ണകുമാർ<br>പൂന്തോട്ടത്തിൽ, സീതത്തോട്<br>(78.38 $m^2$ നിർമ്മാണം ക്രമവൽക്കരിച്ചു) | രാജിയാക്കൽ ഫീസ്<br>78.38 x 6 = 470 | പെർമിറ്റ് ഫീസ്<br>78.38 x 3 = 235<br>രാജിയാക്കൽ ഫീസ്<br>78.38 x 6 = 470 | 235 |
| | | ആകെ = 470 | ആകെ = 705 | |
| 4 | ആമിനാ ബീവി<br>മാവുങ്കമണ്ണിൽ, സീതത്തോട് | രാജിയാക്കൽ ഫീസ് | പെർമിറ്റ് ഫീസ്<br>124.67 x 3 = 374 | 374 |

| | | | | |
|---|---|---|---|---|
| | (124.67 $m^2$ നിർമ്മാണം ക്രമവൽക്കരിച്ചു) | 124.67 x 6 = 749 | രാജിയാക്കൽ ഫീസ് 124.67 x 6 = 749 | |
| | | ആകെ = 749 | ആകെ = 1123 | |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രളയം മൂലം തകർന്ന മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തന ക്ഷമമാക്കൽ - പ്രവൃത്തി പൂർത്തിയായില്ല

പ്രോജക്ട് നം. 279/19 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - രൂ. 12,71,000-

സീതത്തോട് മാർക്കറ്റിൽ പ്രവർത്തിച്ചിരുന്ന മാലിന്യ സംസ്കരണ പ്ലാന്റിന് 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച് പ്രവർത്തനം നിലച്ചിരുന്നു. ടി പ്ലാന്റിന്റെ പ്രവർത്തനത്തിലൂടെ മാർക്കറ്റിലും സമീപ റോഡുകളിലുമായി 50 വഴിവിളക്കുകൾ പ്രകാശിച്ചിരുന്നു. പ്ലാന്റ് സ്ഥാപിച്ച ബയോടെക്ക്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുകയും എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു എങ്കിലും, ടി സ്ഥാപനം പ്രവൃത്തി നടത്തിപ്പിൽ നിന്ന് പിൻമാറി.

തുടർന്ന് ശുചിത്വമിഷന്റെ ലിസ്റ്റിലുള്ള ഗ്രീൻടെക്ക്, ശാസ്തമംഗലം, തിരുവനന്തപുരം എന്ന സ്ഥാപനം പ്രവൃത്തി ഏറ്റെടുക്കുകയും 1250000 രൂപയ്ക്ക് നടപ്പാക്കുന്നതിന് പഞ്ചായത്തുമായി കരാർ വയ്ക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തിയാക്കി 22.3.19-ൽ ടി സ്ഥാപനത്തിന് ബിൽ മാറി റിട്ടെൻഷൻ രൂ. 125000 കഴിച്ച് രൂ.1125000 നൽകി. എന്നാൽ ഫയൽ പരിശോധിച്ചതിൽ 26 സ്ട്രീറ്റ് ലൈറ്റ് പോയിന്റുകൾ സർവ്വീസ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല എന്ന് കണ്ടു. 31.8.18നകം പ്രവൃത്തി പൂർത്തിയാക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാൽ അടിയന്തിരമായി ലൈറ്റ് പോയിന്റുകൾ സർവ്വീസ് ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടി പ്രവൃത്തി പൂർത്തിയാകാതെ റീടെൻഷൻ തുകയും, സെക്യൂരിറ്റി തുകയും റിലീസ് ചെയ്ത് നൽകുവാൻ പാടില്ല എന്ന് ശുപാർശ ചെയ്യുന്നു.

## 3-2 സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് മീറ്ററിംഗ് സംവിധാനത്തിൽ കുറഞ്ഞത്

മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ പഞ്ചായത്തിന്റെ സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ബില്ലിൽ വൻതുക കുറവ് വന്നു. 01/19-ലെ വൈദ്യുതി ബിൽ (02/19-ൽ അടച്ചത്) പ്രകാരം വൈദ്യുതി ചാർജ്ജ് രൂ. 2,50,606 ആയിരുന്നു. എന്നാൽ പൂർണ്ണമായി മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കിയതിന് ശേഷം വന്ന ആദ്യ ബിൽ (6/19-ലേത്) പ്രകാരം (7/19-ൽ അടച്ചത്) വൈദ്യുതി ചാർജ്ജ് രൂ. 46,777 ആയി കുറഞ്ഞു. ഇത് കൂടാതെ സ്ട്രീറ്റ് ലൈറ്റ് ലൈന് ഇല്ലാത്ത ഏതാനും സ്ഥലങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് ലൈറ്റുകളുടെ ബിൽ തുകയായി രൂ. 9587 കൂടി 7/19-ൽ അടച്ചിട്ടുണ്ട്. ടി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിലും പുതുതായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനും അവയ്ക്ക് മീറ്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പുതുതായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ച് മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കി ലൈറ്റുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ പഞ്ചായത്തിൽ പൂർണ്ണമായി സ്ട്രീറ്റ് മെയിൻ ഉള്ള ഭാഗത്തെല്ലാം മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കുകയും അതുവഴി സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജിനത്തിൽ രണ്ട് ലക്ഷത്തിലധികം രൂപ ലാഭിച്ചതിൽ പഞ്ചായത്ത് അഭിനന്ദനം അർഹിക്കുന്നു.

# 3-3 പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

**1. വൃദ്ധജനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, ന്യൂട്രീഷൻ കെയർ എന്നിവ വാങ്ങൽ (SO 032/19)**

| | |
|---|---|
| അടങ്കൽ തുക | 9,00,000 (പൊതുവിഭാഗം വികസനഫണ്ട്) |

ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(1) B-Protin CF 200 gm, D-Protin CF 200 gm എന്നീ ഫുഡ് സപ്ലിമെന്റുകൾ വാങ്ങുന്നതിന് താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| തുക | വാങ്ങിയ പ്രോട്ടീൻ പൗഡർ |
|---|---|
| 1,11,304 - Bill No.26/18-19/11.10.18<br>22,241 - Bill No.40/18-19/05.02.19<br>3,66,321 - Bill No.17/18-19/10.08.18 | B-Protin CF 200 gm – 1579 Nos<br>D-Protin CF 200 gm – 868 Nos |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വൃദ്ധജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനാണ് മേൽപ്പറഞ്ഞ ഫുഡ് സപ്ലിമെന്റുകൾ വാങ്ങിയിട്ടുള്ളത്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഫുഡ് സപ്ലിമെന്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥയില്ല. ഗ്രാമപഞ്ചായത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വൃദ്ധജനങ്ങൾക്ക് ഫുഡ് സപ്ലിമെന്റുകൾ വാങ്ങി നൽകേണ്ടത് അത്യന്താപേക്ഷിതമാണെങ്കിൽ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

(2) വൃദ്ധജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി 400 വാക്കിംഗ് സ്റ്റിക്കുകൾ (സ്റ്റീൽ) { 1,95,938 - Bill No.45/18-19/27.03.18} ടെണ്ടർ ക്ഷണിച്ച് ഗ്യാലക്സി സർജ്ജിക്കൽസ് & ഡയഗോസിസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖയിലെ {സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.18} ഖണ്ഡിക 7.5.3 പ്രകാരം, വൃദ്ധജനങ്ങൾക്ക് ഊന്നുവടി വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ അനുവദനീയമല്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.04/05.08.19) നൽകിയെങ്കിലും ഇതിന് മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ വാക്കിംഗ് സ്റ്റിക്കുകളിൽ 259 എണ്ണം മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളത്. ആവശ്യകത നിർണ്ണയ ക്യാമ്പ് നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയല്ല വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് ഗ്രാമപഞ്ചായത്ത് മെമ്പർമാർ വഴിയാണ് ഇവ വിതരണം ചെയ്തത്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട, നിലവിൽ ഉപകരണം ലഭിച്ചിട്ടുള്ള എല്ലാവരും ആനുകൂല്യത്തിന് അർഹരാണോയെന്ന് മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തിയിട്ടില്ല.

അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ വാക്കിംഗ് സ്റ്റിക്കുകൾ വാങ്ങിയതിനാൽ 141 എണ്ണം നിലവിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഈ സാഹചര്യത്തിൽ ചെലവ് തുക 195938 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുകയും വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ അർഹരായവർക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

(3) വൃദ്ധജനങ്ങൾക്ക് ശ്രവണ സഹായി വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ച് സിഡ്കോയിൽ നിന്ന് 200 ശ്രവണ സഹായികൾ {1,99,800 - Bill No.44/18-19/27.03.18} വാങ്ങിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ക്യാമ്പ് നടത്തി ഉപകരണത്തിന്റെ ആവശ്യകത നിർണ്ണയിച്ചല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. ശ്രവണ സഹായികൾ വാങ്ങിയിട്ടും നാളിതുവരെ മെഡിക്കൽ ക്യാമ്പ് നടത്തുകയോ അർഹതപ്പെട്ടവർക്ക് അവ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ലഭ്യമായ ഉപകരണങ്ങൾ പി.എച്ച്.സി-യിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആവശ്യകതാ നിർണ്ണയ ക്യാമ്പ് നടത്താതെ ശ്രവണ സഹായികൾ വാങ്ങിയതിനാലും വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെ അർഹരായവർക്ക് വിതരണം ചെയ്യാത്തതിനാലും ചെലവ് തുക 1,99,800 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**2. പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ (SO 029/19)**

| | |
|---|---|
| അടങ്കൽ തുക | 2,00,000 (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക | 77,701 - Bill No.18/18-19/10.08.18<br>1,22,299 - Bill No.21/18-19/19.09.18 |

പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2,00,000 രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അടിയന്തിര ഇടപെടൽ നടത്തേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**3. പാലിയേറ്റീവ് കെയർ പദ്ധതി (SO 030/19)**

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്ന് 9,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4,86,100 രൂപ ചെലവായിട്ടുള്ളത് വാഹന വാടകയിനത്തിലാണ്. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ [സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ തീയതി 29.10.15] ദിവസവാടകയ്ക്ക് ഹോം കെയർ ടീമിന് വാഹനം എടുത്തുനൽകുന്നതിനുള്ള നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ചാണ് വാഹനം ദിവസവാടകയ്ക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറുകാരൻ നിയമാനുസൃത എഗ്രിമെന്റിൽ ഏർപ്പെടുകയും വേണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാഹനം വാടകയ്ക്ക് എടുത്തത് ക്വട്ടേഷൻ ക്ഷണിച്ചിട്ടാണോയെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ, ക്വട്ടേഷൻ ക്ഷണിച്ചിട്ടല്ല വാഹനം വാടകയ്ക്ക് എടുത്തതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ചെലവിൽ പകുതിയിലധികം ചെലവഴിച്ചിരിക്കുന്നത് വാഹന വാടകയിനത്തിലാണ്. സുതാര്യമായ രീതിയിൽ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ടി അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 സമാനപദ്ധതികൾക്ക് വ്യത്യസ്ത ടെണ്ടറുകൾപ്രകാരം പർച്ചേസ് നടത്തി

ഗ്രാമപഞ്ചായത്ത് 2018-19ൽ സെക്രട്ടറി നടപ്പാക്കിയ ജനറൽ വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ എന്ന പദ്ധതിയുടെ ഭാഗമായി (പ്രോജക്റ്റ്നമ്പർ-10/19) ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം സീതത്തോട് പ്രവർത്തിക്കുന്ന കോടിയാട്ട് വുഡ്പാലസ് എന്ന സ്ഥാപനത്തിൽ നിന്നും 141കട്ടിലുകൾ ജി.എസ്.ടി ഉൾപ്പെടെ 3444 രൂപ നിരക്കിൽ വാങ്ങുകയുണ്ടായി. ഇതിനു സമാനമായ പ്രൊജക്റ്റ് എസ്.റ്റി. കുടുംബങ്ങളിലെ വയോജനങ്ങൾക്കുവേണ്ടി അസിസ്റ്റന്റ് സെക്രട്ടറി മുഖേന നടപ്പാക്കിയപ്പോൾ (പ്രോജക്റ്റ്നമ്പർ-142/19) ടെണ്ടർ ക്ഷണിക്കുകയും മറ്റൊരു സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് ജി.എസ്.ടി. ഉൾപ്പെടെ 3517 രൂപ നിരക്കിൽ 19 കട്ടിലുകൾ വാങ്ങുകയുണ്ടായി. ഒരു കട്ടിലിന് 73 രൂപ ക്രമത്തിൽ 19 എണ്ണത്തിന് 1387/-രൂപ അധികം ചെലവഴിക്കേണ്ടി വന്നു. ഇപ്രകാരം സമാന പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ ഒരുമിച്ച് ടെണ്ടർ ക്ഷണിക്കുന്നതിലൂടെ കാലതാമസം ഇല്ലാതെയും ചെലവ് അധികരിക്കാതെയും ഗ്രാമപഞ്ചായത്തിന് പ്രോജക്റ്റുകൾ സുഗമമായി നടപ്പാക്കാൻ സാധിക്കും. ഇത്തരം വീഴ്ചകൾ വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുന്നതിന് ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-5 ഡിപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണരേഖകൾ ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക വിനിയോഗിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| *പ്രോജക്റ്റ്* | *നിക്ഷേപിച്ച സ്ഥാപനം* | *തുക* | *ബിൽ നം., തീയതി* | *പൂർത്തീകരണ വിവരങ്ങൾ* |
|---|---|---|---|---|
| മഠംപടി മുതൽ NSSപടി വരെ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ - (101/19) | കെ.എസ്. ഇ.ബി. | 150000-<br>18120-<br>168120- | 335/18-19/ 12.7.18<br>1042/18-19/ 22.12.18 | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| കോട്ടക്കുഴി വാർഡിൽ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (110/19) | കെ.എ.സ്. ഇ.ബി. | 200000-<br>24280-<br>224280- | 337/18-19/ 12.7.18<br>1044/18-19/ 21.12.18 | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| സീതക്കുഴി വട്ടക്കുന്നേൽ പടി വാഴയിൽപടി കണ്ടംകുളത്തിപടി ആനക്കുഴിയിൽപടി മണികണ്ഠൻകാല പുളിമൂട്ടിൽപടി ആലക്കോട്പടി സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (118/19) | കെ.എസ്. ഇ.ബി. | 125000-<br>15160-<br>140160- | 336/18-19/ 12.7.18<br>1043/18-19/ 21.12.18 | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |

| | | | | |
|---|---|---|---|---|
| കോട്ടമൺ കുടിവെള്ള പദ്ധതിക്ക് ബാലൻസ് തുക നൽകൽ (257/19) | കെ.എസ്. ഇ.ബി. | 34525- | 1036/18-19/ 21.12.18 | ,, |
| വെൺകുറിഞ്ഞിമല സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (286/19) | കെ.എസ്. ഇ.ബി. | 100000- | 1414/18-19/ 20.3.19 | ,, |
| വാലുപാറ പള്ളിപടി മുക്കൻമല റോഡ് പോസ്റ്റിട്ട് ലൈൻ സ്ഥാപിക്കൽ (287/19) | കെ.എസ്. ഇ.ബി. | 300000- | 1413/18-19/ 20.3.19 | ,, |
| ഗണപതിമഠം റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (288/19) | കെ.എസ്. ഇ.ബി. | 150000- | 1416/18-19/ 20.3.19 | ,, |
| കാലായിൽപടി മുക്കൻമല സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (289/19) | കെ.എസ്. ഇ.ബി. | 150000- | 1415/18-19/ 20.3.19 | ,, |
| ഭയങ്കരംമുടി സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (290/19) | കെ.എസ്. ഇ.ബി. | 100000- | 1412/18-19/ 20.3.19 | ,, |
| ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (22/19) | കെ.എസ്. ഇ.ബി. | 14077-<br>28491-<br>5390-<br>47958- | 1408/18-19/ 16.3.19<br>1417/18-19/ 20.3.19<br>1509/18-19/ 21.3.19 | ,, |

കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നുമുള്ള വിശദമായ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും നിക്ഷേപിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലെങ്കിൽ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തുടർ നടപടികൾ മോണിട്ടർ ചെയ്യേണ്ടതുമാണ്.

## 3-6 വാലുപാറ അംഗൻവാടി നിർമ്മാണത്തിന് ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

ബ്ളോക്ക് പഞ്ചായത്തിൽ നിന്നും 2018-19-ൽ വാലുപാറ അംഗൻവാടി നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ച 500000/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ജി.ഒ (പി) നമ്പർ 7/2017ഫിൻ തീയതി 23.01.17 ജോയിന്റ് വെൻച്വർ പ്രൊജക്ട് മാർഗ്ഗരേഖ പ്രകാരം ജോയിന്റ് വെൻച്വർ പദ്ധതികൾക്ക് ലഭിക്കുന്ന തുക തൻവർഷം മാർച്ച് 31ന മുൻപായി ചെലവഴിക്കേണ്ടതാണ്. 2018-19 ൽ അംഗൻവാടി

നിർമ്മാണത്തിന് ലഭിച്ച 500000/- രൂപ അതേ പദ്ധതിക്ക്തന്നെ ചെലവഴിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | സുന്ദരബാല്യം സുഭക്ഷിത ബാല്യം | 500000 | 0 |
| | 2018-19 | 500000 | വാല്യപാറ അംഗനവാടി നിർമ്മാണം | 0 | 500000 |
| | 2018-19 | 250000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 250000 | 0 |
| | 2018-19 | 3085384 | ലൈഫ് ഭവനപദ്ധതി | 3085384 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4215241 | ലൈഫ് ഭവനപദ്ധതി | 4215241 | 0 |
| | 2018-19 | 1500000 | കിഴങ്ങ് വർഗ്ഗ കൃഷി | 0 | 1500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| *പ്രോജക്റ്റ്* | *നിക്ഷേപിച്ച സ്ഥാപനം* | *തുക* | *ബിൽ നം., തീയതി* | *പൂർത്തീകരണ വിവരങ്ങൾ* |
|---|---|---|---|---|
| മഠംപടി മുതൽ NSSപടി വരെ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ - (101/19) | കെ.എസ്. ഇ.ബി. | 150000-<br>18120-<br>168120- | 335/18-19/ 12.7.18<br>1042/18-19/ 22.12.18 | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| കോട്ടക്കുഴി വാർഡിൽ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (110/19) | കെ.എ.സ്. ഇ.ബി. | 200000-<br>24280-<br>224280- | 337/18-19/ 12.7.18<br>1044/18-19/ 21.12.18 | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| സീതക്കുഴി വട്ടക്കുന്നേൽ പടി വാഴയിൽപടി കണ്ടംകുളത്തിപടി ആനക്കുഴിയിൽപടി മണികണ്ഠൻകാല പുളിമൂട്ടിൽപടി [illegible] | കെ.എസ്. ഇ.ബി. | 125000-<br>15160-<br>140160- | 336/18-19/ 12.7.18 [illegible] | പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |

| | | | | |
|---|---|---|---|---|
| ആലക്കോട്പടി സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (118/19) | | | 1043/18-19/ 21.12.18 | |
| കോട്ടമൺ കുടിവെള്ള പദ്ധതിക്ക് ബാലൻസ് തുക നൽകൽ (257/19) | കെ.എസ്. ഇ.ബി. | 34525- | 1036/18-19/ 21.12.18 | „ |
| വെൺകുറിഞ്ഞിമല സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (286/19) | കെ.എസ്. ഇ.ബി. | 100000- | 1414/18-19/ 20.3.19 | „ |
| വാലുപാറ പള്ളിപടി മുക്കൻമല റോഡ് പോസ്റ്റിട്ട് ലൈൻ സ്ഥാപിക്കൽ (287/19) | കെ.എസ്. ഇ.ബി. | 300000- | 1413/18-19/ 20.3.19 | „ |
| ഗണപതിമഠം റോഡ് സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (288/19) | കെ.എസ്. ഇ.ബി. | 150000- | 1416/18-19/ 20.3.19 | „ |
| കാലായിൽപടി മുക്കൻമല സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (289/19) | കെ.എസ്. ഇ.ബി. | 150000- | 1415/18-19/ 20.3.19 | „ |
| ഭയങ്കരംമുടി സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ (290/19) | കെ.എസ്. ഇ.ബി. | 100000- | 1412/18-19/ 20.3.19 | „ |
| ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (22/19) | കെ.എസ്. ഇ.ബി. | 14077-<br>28491-<br>5390-<br>47958- | 1408/18-19/ 16.3.19<br>1417/18-19/ 20.3.19<br>1509/18-19/ 21.3.19 | „ |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന വായ്പ | 563/2010/ തസ്വഭവ<br>തീയതി 22.02.2010 | 16062500 | 687941 | 687941 | 0 | 0 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | ഖണ്ഡിക നം. | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|
| 2002-03 | 2-7 | 2007-08 | 3.13.1 | ഓഡിറ്റ് സമയത്ത് വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച | പരാമർശം തീർപ്പാക്കിയിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) [റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 118760627 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111308630 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 395738 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക / സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(2) | 195938 | ഡോ. വിൻസന്റ് സേവ്യർ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-3(3) | 199800 | ഡോ. വിൻസന്റ് സേവ്യർ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 395738 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| **ഇല്ല** | | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3.30/00 തീയതി 11.4.01/5.6.01 | 5 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി3.64/01 തീയതി 14.2.01 | 26 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4.422/03 തീയതി 7.1.04/2.8.04 | 16 |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.29/06 തീയതി 9.2.07 | എല്ലാ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.477/10 തീയതി 8.12.10/29.7.11 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4.923/07 തീയതി 2.3.08 | എല്ലാ ഖണ്ഡികകളും |
| 2002-03(വരവ്) | എൽ.എഫ്.പി.റ്റി.എ-പി5.478/10 തീയതി10.12.10/15.3.11 | എല്ലാ ഖണ്ഡികകളും |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി5.976/08 തീയതി 30.6.09 | എല്ലാ ഖണ്ഡികകളും |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി5.977/08 തീയതി 29.7.99 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി3.625/09 തീയതി 22.2.10 | എല്ലാ ഖണ്ഡികകളും |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി5.626/09 തീയതി 8.12.10 | 16 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി5.479/10 തീയതി 2.7.11 | 25 |
| 2008-09 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി6.336/13 തീയതി 5.7.13 | 03 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി6.337/13തീയതി 5.7.13 | 02 |
| 2012-13 & 2013-14 | എൽ.എഫ്.പി.റ്റി.എ-പി6.183/15 തീയതി 07.04.15 | 03 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി6.856/2016 തീയതി 27.07.2016 | 07 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി6.1284/2016 തീയതി 24.11.2016 | 16 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി6/1110/17/03.10.17 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി6/106/19/06.03.19 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിജയലക്ഷ്മി പി.കെ.**

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്

| | |
|---|---|
| നം.കെ.എസ്.എ.പി.റ്റി.എ.പി.6/730/19 | തീയതി: 16.09.19 |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖ. 1-12ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**വിജയലക്ഷ്മി പി.കെ.**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

## AUDIT CERTIFICATE

| | |
|---|---|
| No.K.S.A.PTA.P.6/730/19 | Dated: 16.09.19 |

Certified that I have Audited the Annual Financial Statement of **Seethathode Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Seethathode Grama Panchayat** for the year 2018-19 except the observations in para 1-12 of my audit report properly presents the picture of income and expenditure.

**Vijayalakshmi P.K.**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**